**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3718

20.07.2015 ൽ മറുപടിക്ക്

## എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ് സി/ എസ്.ടി വിഭാഗങ്ങൾക്ക് സംവരണം

**ചോദ്യം**
**ശ്രീ. എ. കെ. ബാലൻ**

**മറുപടി**
**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്.സി/ എസ് ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതിവിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ 32393/10, 33205/10, 9140/13 റിട്ട് പെറ്റീഷനുകളിലെ 25.5.15 ലെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് യു ജി സി നിർദ്ദേശത്തിന്റെ പകർപ്പ് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ എസ് സി / എസ് റ്റി വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന മേൽപ്പറഞ്ഞ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലും, ഡയറക്ട് പേയ്മെന്റ് എഗ്രീമെന്റിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ എയ്ഡഡ് കോളേജ് മാനേജർമാരുമായി വീണ്ടും ഒരു ചർച്ച നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ച് ഹൈക്കോടതി വിധി സമയ പരിധിയ്ക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്. സി/ എസ് ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് യു ജി സി സംസ്ഥാന ഗവൺമെന്റിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്ത് എന്നാണ് ലഭിച്ചത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ